180 (1402) ഗ്രന്ഥശാലാ സംഘത്തിന്റെ വാഹനങ്ങൾ കെട്ടിടങ്ങൾ സ്ഥലങ്ങൾ

ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മതാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഗ്രന്ഥശാലാ സംഘത്തിന് എത്ര വാഹനങ്ങൾ ഉണ്ട്; ഏതെല്ലാം തരം; ഇവ ആരെല്ലാം ഉപയോഗിക്കുന്നു; വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) ഗ്രന്ഥശാലാ സംഘത്തിന് സ്വന്തമായി എത്ര കെട്ടിടങ്ങൾ ഉണ്ട്; ഏതെല്ലാം; എവിടെയെല്ലാം എത്ര വീതം സ്ഥലം ഉണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) രണ്ട് വാഹനങ്ങൾ ഉണ്ട്. ഒരു അംബാസിഡർ നോവ ഡീസൽ കാറും ഒരു മഹീന്ദ്ര ഡീസൽ ജിപ്പും. ഈ വാഹനങ്ങൾ പ്രസിഡന്റും സെക്രട്ടറിയും ഓഫീസ് ഉദ്യോഗസ്ഥൻമാരും ഉപയോഗിക്കുന്നു.

(ബി) കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സ്ഥിതി ചെയ്യുന്ന ഒരു കെട്ടിടമേ ഗ്രന്ഥശാലാ സംഘത്തിന് സ്വന്തമായിട്ടുള്ളൂ. ഇടുക്കിയിൽ 50 സെന്റ് സ്ഥലവും കാസർഗോഡ് താലൂക്കിൽ കുഞ്ഞു വില്ലേജിൽ 25 സെന്റ് സ്ഥലവും കുത്തുപറമ്പിൽ 9 സെന്റ് സ്ഥലവും സംഘത്തിന് അനുവദിച്ച് കിട്ടിയിട്ടുണ്ട്.

181 (1403) ഗ്രന്ഥശാലാ സംഘം നൽകുന്ന ഗ്രാന്റ്

ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മതാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഗ്രന്ഥശാലാ സംഘം 1996 മുതൽ ഓരോ സാമ്പത്തിക വർഷവും മൊത്തം ബഡ്ജറ്റിന്റെ എത്ര ശതമാനം തുക കേരളത്തിലെ വായനശാലകൾക്ക് പുസ്തകം വാങ്ങാനുള്ള ഗ്രാന്റായി നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) 1996 മുതൽ ഓരോ സാമ്പത്തികവർഷവും മൊത്തം ബഡ്ജറ്റിന്റെ എത്ര ശതമാനം കേരള ഗ്രന്ഥശാലാ സംഘം ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ആയി ചെലവഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) 1996 മുതൽ ഓരോ സാമ്പത്തികവർഷവും കേരള ഗ്രന്ഥശാലാ സംഘം ഗ്രന്ഥശാലകൾക്ക് പുസ്തകം വാങ്ങുന്നതിനല്ലാതെ മറ്റുള്ള ആവശ്യങ്ങൾക്ക് എത്ര തുക ഗ്രാന്റ് നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1996 മുതൽ 99 സാമ്പത്തികവർഷം വരെ കേരള ഗ്രന്ഥശാലാ സംഘത്തിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയിൽനിന്നും 96-97-ൽ 24.2 ശതമാനവും 97-98 35.2 ശതമാനവും 98-99-ൽ 21.4 ശതമാനവും ഗ്രന്ഥശാലകൾക്ക് പുസ്തകം വാങ്ങാനുള്ള ഗ്രാന്റായി നൽകിയിട്ടുണ്ട്.

(ബി) 1996-97-ൽ ബഡ്ജറ്റിന്റെ 4.2 ശതമാനവും, 97-98 ൽ 4.2 ശതമാനവും 98-99 ൽ 8.6 ശതമാനം കേരള ഗ്രന്ഥശാലാ സംഘം ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിലേയ്ക്കായി ചെലവഴിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly